

28/03/2025

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/03/2025

1. പുത്തൻചിറ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ കൃഷിഭവൻ കെട്ടിട ഉദ്ഘാടനം ഇന്ന് ( 2025 മാർച്ച് 28 വെള്ളിയാഴ്ച) രാവിലെ 9.00ന് കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാറിൻ്റെ അധ്യക്ഷതയിൽ കൃഷി ഭവൻ അങ്കണത്തിൽ ചേരുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

2. തൃശൂർ വട്ടേക്കാട്ടുകര കുന്നത്തുകുന്നിലുള്ള സലീം അലി ഫൗണ്ടേഷൻ ബിൽഡിങ്ങിന്റെ ഉദ്ഘാടനം കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാറിൻ്റെ അധ്യക്ഷതയിൽ ഇന്ന് (മാർച്ച് 28ന്) രാവിലെ 10. 30 ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു . ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7900180570 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക .

3. കേരള കാർഷിക സർവകലാശാല 'സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഔഷധസസ്യ കർഷക സംഗമം 2025, മാർച്ച് 28 ന് സംഘടിപ്പിക്കുന്നു. എറണാകുളം ജില്ലയിലെ ഓടക്കാലി സുഗന്ധ തൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രത്തിൽ വച്ച് രാവിലെ 9.00 മുതൽ വൈകിട്ട് 5.00 മണി വരെ കർഷക ഉത്പന്ന പ്രദർശനം ഔഷധസസ്യ വിതരണം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8156856952 എന്നഫോൺനമ്പറിൽ ബന്ധപ്പെടുക.

4. മൂവാറ്റുപുഴ കാർഷിക മേള ഏപ്രിൽ 21 മുതൽ 30 വരെ ഇഇ സി മാർക്കറ്റ് ഗ്രൗണ്ടിലാണ് മേള. കൃഷി വകുപ്പ്, ജില്ലാ ഭരണകുടം, ഡിടിപിസി, കുടുംബശ്രീ എന്നിവയുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹകരണത്തോടെയാണ് ബ്ലോക്ക് പഞ്ചായത്ത് മേള സംഘടിപ്പിക്കുന്നത്. കാർഷികോൽപന്ന മേള, കാർഷിക മത്സരങ്ങൾ, കാർഷിക വാരാചരണം, കർഷക സെമിനാറുകൾ, എന്നിവയെല്ലാം കാർഷിക മേളയിൽ ഉണ്ടാകും. കർഷക അവാർഡുകൾ, നാട്ടുചന്ത, അഗ്രി ഇൻവെസ്റ്റേഴ്സ് മീറ്റ്, ഇന്നവേഷൻ സെന്റർ, പാനൽ ചർച്ചകൾ, സ്റ്റുഡന്റ് ഫാമിങ് ഡേ, പി ഫോർ പെറ്റ്സ്, കൃഷി കല തുടങ്ങി ഓരോ ദിനവും വ്യത്യസ്ത പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ശീതീകരിച്ച ഒരു ലക്ഷം ചതുരശ്ര അടി പവിലിയനിലാണ് മേള ഒരുങ്ങുന്നത്. കാർഷികമേളയ്ക്കു പുറമേ ഊട്ടി മാതൃകയിലുള്ള പുഷ്പമേള, സസ്യപ്രദർശനവും വിൽപനയും, കൃത്രിമ വനം, വളർത്തു മൃഗങ്ങളുടെ സംഗമം, തുരങ്കപ്പാതയിലൂടെ അലങ്കാര മത്സ്യ പ്രദർശനം, സർക്കാർ-അർധ സർക്കാർ സ്റ്റാളുകൾ, വ്യാപാര വിപണന മേള, അസ്ട്രോ ഫിസിക്സ് പവിലിയൻ, കുടുംബശ്രീ ഭക്ഷ്യമേള, ഫുഡ് വ്ലോഗർ കോർണർ, വിപുലമായ കലാസന്ധ്യ, അമ്യൂസ്മെന്റ് കാർണിവൽ, ഇൻസ്റ്റലേഷനുകൾ, സെൽഫി കോർണർ, ഭാഗ്യ പരീക്ഷണ നറുക്കെടുപ്പ്, എന്നിവയും സംഘടിപ്പിക്കുമെന്നു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജീനോം അനാലിസിസ് ലാബിൽ 'റിസർച്ച് അസോസിയേറ്റ് (ബയോ ഇൻഫർമാറ്റികസ്)' നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ബയോ ഇൻഫർമാറ്റിക്സ്/ കമ്പ്യൂട്ടേഷണൽ ബയോളജി ഇവയിലേതിലെങ്കിലും ഡോക്ടറൽ ബിരുദമുള്ളവരോ അല്ലെങ്കിൽ ബയോ ഇൻഫർമാറ്റിക്സ്/ ബയോസയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ഒരു പ്രമുഖ സ്ഥാപനത്തിൽ ട്രാൻസ്ക്രിപ്റ്റോം, ഹോൾജീനോം, മെറ്റാജീനോം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ എൻ.ജി.എസ്. (ചഏട) ഡേറ്റ

അനാലിസിസിൽ മൂന്നുവർഷമെങ്കിലും ഗവേഷണ പരിചയമുള്ളവരോ ആയിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01 ന് 35 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ യോഗ്യതകളും പ്രവൃത്തിപരിചയവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം അപേക്ഷകൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് സെക്രട്ടറി (റിസർച്ച്) യുടെ പേരിൽ 2025 ഏപ്രിൽ 04നു മുമ്പ് ലഭിക്കത്തക്കവണ്ണം ഇ മെയിൽ ചെയ്യുക. വിലാസം resadm@rubberboard.org.in കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

7. **കാർഷിക നിർദേശം** ഒട്ടു മാവിൻ തൈകളുടെ കൊമ്പുകളിൽ ചിലത് പെട്ടെന്ന്ഉണങ്ങികരിഞ്ഞു പോകുന്നതായി പലയിടങ്ങളിലുംകണ്ടു വരുന്നുണ്ട്. കൊമ്പുണക്കം എന്ന രോഗമാണിത്. കൊമ്പുകൾ അറ്റത്തു നിന്ന്താഴേക്ക് ഉണങ്ങുന്നതാണ് ലക്ഷണം. രോഗഹേതു ഒരുകുമിളാണ്. ഉണക്ക്എവിടംവരെയായിട്ടുണ്ടോ അതിന് ഒരിഞ്ച്താഴെ വച്ച്മൂർച്ചയുള്ള കത്തികൊണ്ട് കൊമ്പു മുറിച്ചുമാറ്റികത്തിച്ചു കളയണം. എന്നിട്ട്ബോർഡോമിശ്രിത കുഴമ്പ് പുരട്ടണം.കൂടാതെ ഒരു ശതമാനം വീര്യത്തിൽ തയ്യാറാക്കിയ ബോർഡോ മിശ്രിതം മരം മുഴുവൻ നനയത്തക്കവിധം തളിക്കുന്നതും നല്ലതാണ്. സ്യൂഡോമോണാസ് എന്ന ബാക്ടീരിയയുടെ പൊടി 20 ഗ്രാം ഒരു ലിറ്റർവെള്ളത്തിൽ എന്ന തോതിൽ ഇടയ്ക്ക്കലക്കി തളിക്കുന്നതും നല്ലതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം